ശ്രീ. എൻ. ഇ. ബലറാം: സിറ്റി ഇംപ്രൂവുമെന്റ് ട്രസ്റ്റ് ചെയർമാൻ മി. കുഞ്ഞുകൃഷ്ണപിള്ള അദ്ദേഹത്തിനു സ്വാധീനമുള്ള ആളുകളെ ഇതിൽ എടുത്തു എന്നറിയുന്നതിൽ വല്ല വാസ്തവവും ഉണ്ടോ ?

ശ്രീ. ആർ. ശങ്കർ: ഗവണ്മെൻറിനങ്ങനെ അറിവില്ല. വാസ്തവമാണോ എന്നന്വേഷണം നടത്താം.

ശ്രീ. കെ. ആർ. വിജയൻ: എറണാകുളവും മട്ടാഞ്ചേരിയും കൂടിചേർത്തു കൊണ്ട് ഒരു സിറ്റി ഇംപ്രൂവുമെന്റ് ട്രസ്റ്റ് രൂപീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ: പ്രാരംഭമായി അവിടെ ചെയ്യേണ്ടതു് ഒരു കാർപ്പറേഷൻ രൂപീകരിക്കുക എന്നുള്ളതാണു്. അതു കഴിഞ്ഞിട്ട ട്രസ്റ്റ് ഉണ്ടാക്കുന്നതിനെപ്പറ്റി ആലോചിക്കാം.

അടിമവ്യവസായത്തെപ്പറ്റിയുള്ള പത്രവാർത്ത

* 926. [16 ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ ഹരിജനങ്ങളുടെ ഇടയിൽ അടിമവ്യവസായമുണ്ടെന്നു് ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിലെ വല്ല ഉദ്യോഗസ്ഥന്മാരും പത്രങ്ങളിൽക്കൂടെ പ്രചാരം നടത്തിയിട്ടുണ്ടോ; എങ്കിൽ ആ ഉദ്യോഗസ്ഥൻ ആരാണു്;

(ബി) എപ്പോഴാണു് അങ്ങനെ എഴുതിയതു്;

(സി) ഈ സംഗതി പത്രങ്ങളിൽ കൊടുക്കുന്നതിനുമുമ്പു് തൻറെ ഡിപ്പാർട്ടുമെൻറു് മുഖേന ഗവണ്മെൻറിൻറെ ദൃഷ്ടിയിൽപ്പെടുത്തുവാൻ ഈ ഉദ്യോഗസ്ഥൻ ശ്രമിച്ചിരുന്നുവോ;

(ഡി) മുൻകൂട്ടിയുള്ള അനുവാദം ഇല്ലാതെ ഇങ്ങനെയുള്ള കാര്യങ്ങൾ പ്രചരിപ്പിക്കുന്ന സംപ്രദായം നിർത്തിക്കുവാൻ വേണ്ട നടപടിയെടുക്കുമോ ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിലുണ്ടായിരുന്ന ശ്രീ. പി. വി. കുഞ്ഞിരാമൻ എന്ന ഉദ്യോഗസ്ഥൻ മാതൃഭൂമിയിൽ പ്രസിദ്ധീകരിച്ച ചില ലേഖനങ്ങളിൽ, വയനാട്ടിൽ ഗിരിവർഗ്ഗക്കാരുടെ ഇടയിൽ അടിമ വ്യാപാരം ഉണ്ടെന്നു പറഞ്ഞിട്ടുണ്ടു്.

(ബി) 1960–ൽമാതൃഭൂമി ആഴ്ചപ്പതിപ്പിൽ എഴുതിയ ലേഖനങ്ങളിൽ.

(സി) ഇല്ല.

(ഡി) ഗവണ്മെൻറിൻറെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ ഗവണ്മെൻറു ജീവനക്കാർ ലേഖനങ്ങളോ, പുസ്തകങ്ങളോ പ്രസിദ്ധീകരിക്കാൻ പാടില്ലെന്നു് കേരളാ ഗവണ്മെൻറു സർവ്വീസു് കാൺഡക്ടു് റൂൾസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

ശ്രീ. സി. എച്ച്. കുട്ടി: ശ്രീ. കെ. പാനൂർ എന്നൊരാളെയാണു് ഇവിടെ സാഹിത്യകാരനായി അറിയുന്നതു്. അദ്ദേഹം ഈ പി. വി. കുഞ്ഞിരാമൻ തന്നെയാണോ ?

ശ്രീ. കെ. കുഞ്ഞമ്പു: അതെ. അദ്ദേഹംതന്നെയാണു് ശ്രീ. കെ. പാനൂർ എന്ന നാമധേയത്താൽ അറിയപ്പെടുന്നതു്.

ശ്രീ. പി. രാമൻനായർ: ശ്രീ. കെ. പാനൂർ എന്നയാൾക്കു ലേഖനം എഴുതുന്നതിനുള്ള അനുവാദം കൊടുത്തിരുന്നു എന്നുള്ളതു ശരിയാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞമ്പു: 1959 മുതൽ എഴുതുന്നതിനുള്ള അനുവാദം അദ്ദേഹത്തിന് ഗവണ്മെൻറിൽ നിന്നും നൽകിയിരുന്നതായിട്ടാണ് കാണുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: ഇപ്പോഴും അടിമ വ്യാപാരംഉണ്ടോ? ഈ പറയുന്നത് ശരിയാണോ അല്ലയോ എന്നന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: അന്വേഷണത്തിൽ ശരിയല്ല എന്നാണറിയുന്നത്.

ശ്രീ. ഈ. പി. ഗോപാലൻ: ഗവണ്മെൻറ് മാഗത്തുനിന്നും മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിരിക്കണമെന്നു പറയുകയുണ്ടായി. ഇപ്പോഴും 1959 മുതൽ എഴുതുന്നതിനു അനുവാദം കൊടുത്തിരുന്നു എന്നു പറഞ്ഞു. ഇതിൻെറ അർത്ഥം എന്താണ്?

ശ്രീ. കെ. കുഞ്ഞമ്പു: ചോദ്യം തന്നെ വ്യക്തമാണ്. ചോദ്യത്തിൽ 'സി' യിൽ ഈ സംഗതി പത്രങ്ങളിൽ കൊടുക്കുന്നതിനു മുമ്പ് തൻെറ ഡിപ്പാർട്ടുമെൻറു മുഖേന ഗവണ്മെൻറിൻെറ ദൃഷ്ടി യിൽ പ്പെടുത്തുവാൻ ഈ ഉദ്യോഗസ്ഥൻ ശ്രമിച്ചിരുന്നുവോ എന്നാണ് ചോദിച്ചത്; അതിനാണ് ഇല്ല എന്നു മറുപടി പറഞ്ഞത്.

ശ്രീ. ഈ. പി. ഗോപാലൻ: 1959–ൽ ഇദ്ദേഹത്തിനു എഴുതുന്നതിനു അനുവാദം കൊടുത്തു എന്നു പറഞ്ഞതോ? അതു എഴുതുകമാത്രമേ ചെയ്യാവൂ, പ്രസിദ്ധപ്പെടുത്താൻ പാടില്ല എന്നാണോ?

ശ്രീ. കെ. കുഞ്ഞമ്പു: ഗവണ്മെൻറു ജീവനക്കാർ ലേഖനങ്ങളും എഴുതിയാൽ അതു ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷനായച്ച സമ്മതം വാങ്ങിച്ചതിനു ശേഷമേ പ്രസിദ്ധപ്പെടുത്താവൂ എന്നു ഗവണ്മെൻറു സർവൻറ്സ് കാൺഡക്ടറുളിൽ വ്യവസ്ഥയുണ്ട്. അങ്ങനെ മേലദ്ധ്യക്ഷൻെറ സമ്മതം അദ്ദേഹം വാങ്ങാതെയാണ് പിന്നീട് പുസ്തകം പ്രസിദ്ധീകരിച്ചത്.

ശ്രീ. കെ മൊയ്തീൻകുട്ടി ഹാജി: ഗവണ്മെൻറു ഉദ്യോഗസ്ഥന്മാർ ലേഖനം എഴുതുമ്പോൾ ഗവണ്മെൻറിൻെറ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിരിക്കണമെന്നു വ്യവസ്ഥയുണ്ട്. ശ്രീ. പാന്തർ അപ്രകാരം സ്ഥിരമായി എഴുതുന്നതിനു അനുവാദം വാങ്ങിയിട്ടുള്ള ഒരാളാണ്. അങ്ങനെയിരിക്കെ ചില ലേഖനങ്ങളും എഴുതുവാൻ അനുവദിക്കുകയും, ചില ലേഖനങ്ങളും എഴുതുന്നതിൽ തടയുകയും ചെയ്യുവാനുള്ള പ്രത്യേക കാരണമെന്തു? ലേഖനമെഴുതിയതിൻെറ പേരിൽ സസ്പെൻറു ചെയ്തിരിക്കുന്നു എന്നറിയുന്നു. ഈ നടപടി ശരിയാണോ?

ശ്രീ. കെ. കുഞ്ഞമ്പു: സസ്പെൻറു ചെയ്തിട്ടില്ല. ഔദ്യോഗികമായി ഇദ്ദേഹം ഹരിജൻ വെൽഫയർ ഡിപ്പാർട്ടുമെൻറിലെ സ്പെഷ്യൽ ആഫീസറാണ്. അദ്ദേഹത്തിൻെറ ഔദ്യോഗിക കൃത്യങ്ങളിൽ ഇങ്ങനെയൊരു സംപ്രദായം ഉണ്ടെന്നു ഡിപ്പാർട്ടുമെൻറിനെ അറിയിച്ചിട്ടില്ല. അങ്ങനെ അറിയിക്കേണ്ടതായിരുന്നു. അതിൻെറ പേരിലാണ് നടപടി സ്വീകരിച്ചിട്ടുള്ളതു.

ശ്രീ. ഈ. പി. ഗോപാലൻ: വയനാട്ടിൽ അടിമ വ്യാപാരമുള്ളതായി പറഞ്ഞതാണോ തെറ്റു. അവിടെ മറ്റു സാധനങ്ങളോടൊപ്പം മനുഷ്യരെ വിൽക്കലും വാങ്ങലുമൊക്കെ നടത്തുന്നുണ്ട്. ഈ ഉദ്യോഗസ്ഥൻ അതു പറഞ്ഞതിനു അദ്ദേഹത്തിൻെറ നേരെ നടപടിയെടുക്കുവാൻ കാണിക്കുന്ന ശ്രദ്ധക്കാന്തി ഈ അടിമ വ്യാപാരം നിറുത്തലാക്കുന്നതിൽ കാണിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. കുഞ്ഞമ്പു: അങ്ങനെ അടിമ വ്യാപാരമുള്ളതായി തെളിഞ്ഞിട്ടില്ല. വിൽക്കലുമില്ല വാങ്ങലുമില്ല. ഉണ്ടെങ്കിൽ അതു തടയുന്നതിനു കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

2/2097/V.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ പി. രാമുണ്ണിക്കുറുപ്പ്: ഈ അന്വേഷണം നടത്തിയതു വളരെ രഹസ്യമായിട്ടായിരുന്നുവെന്നും ഈ ആരോപണം ഇവിടെ ഉന്നയിച്ച മെമ്പർക്കു പോലും യാതൊരു മുന്നറിയിപ്പും കൊടുക്കാതെ സ്വന്തമായി ചില ആളുകളെ നിയോഗിച്ചു നടത്തിയതാണെന്നും അറിയുന്നതു ശരിയാണോ? ഉത്തരവാദപ്പെട്ട ആളുകളുമായി സഹകരിച്ചുകൊണ്ടു പരസ്യമായ ഒരന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: ബഹുമാനപ്പെട്ട മെമ്പർക്കു വിവരം നൽകിയിരുന്നുവോ, ഇല്ലയോ എന്നുള്ളതിനെപ്പറ്റി എനിക്കു നിശ്ചയമില്ല. അന്വേഷണം പരസ്യമായിത്തന്നെയാണു നടത്തിയിരുന്നതു. എല്ലാ രാഷ്ട്രീയ പാർട്ടിയിലെയും ബന്ധപ്പെട്ട നിരവധി ആളുകളും തെളിവുകളും നൽകിയതായിട്ടാണു അറിയുന്നതു.

ശ്രീ. സി. അച്യുതമേനോൻ: അന്വേഷണഫലമായി ഈ ഉദ്യോഗസ്ഥൻ കുറക്കാരനാണെന്നുള്ള നിഗമനത്തിൽ എത്തുകയാണോ ചെയ്തിട്ടുള്ളതു?

ശ്രീ. കെ. കുഞ്ഞമ്പു: അദ്ദേഹത്തിന്റെ കുറ്റത്തെപ്പറ്റി അന്വേഷണം നടത്തുകയാണു. യാതൊരു നടപടിയും എടുത്തിട്ടില്ല.

ശ്രീ. ഓ. കോരൻ: ഈ വക കാര്യങ്ങളും അന്വേഷിക്കുന്നതായി എനിക്കു യാതൊരു മുൻ അറിയിപ്പും കിട്ടിയിട്ടില്ല. ഇങ്ങനെ അവിടെ അടിമക്കച്ചവടം നടത്തുന്ന കാര്യം പാനൂർ എഴുതിയതിൽനിന്നും മാത്രമല്ല തെളിയുന്നതു. ലേബർ കമ്മീഷണർ തുടങ്ങിയ പല പലരും ചൂണ്ടിക്കാണിച്ചിട്ടുണ്ടു. അതുകൊണ്ടു അടിമ വ്യാപാരം നിറുത്തൽ ചെയ്യുന്നതിനു വേണ്ട നടപടികളും സ്വീകരിക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടു.

ശ്രീ. എം. നാരായണക്കുറുപ്പ്: ഈ ലേഖനം എഴുതിയ ഗവണ്മെന്റു ഉദ്യോഗസ്ഥൻ മനുഷ്യസമുദായത്തിലെ ദുഷ്യവശം ചൂണ്ടിക്കാണിച്ചു. അതില്ലാതാക്കുന്നതിനുവേണ്ടി ആത്മാർത്ഥമായ മനുഷ്യ സ്നേഹത്തോടുകൂടി ഇതു പ്രസിദ്ധീകരിച്ചതാണോ, അതോ ഗവണ്മെന്റിനു അപഖ്യാതി വരുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി മനപൂർവ്വം പ്രസിദ്ധപ്പെടുത്തിയതാണോ എന്നു പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: ഏതായാലും കാൺഡക്റ്റു റൂൾ അനുസരിച്ചു അതു പ്രസിദ്ധപ്പെടുത്തുന്നതിനുമുമ്പു ഡിപ്പാർട്ടുമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങേണ്ടിയിരുന്നു. അങ്ങനെ ചെയ്തിട്ടില്ല. അതിനെപ്പറ്റി ആലോചിച്ചു വരികയാണു.

എംപ്ലോയ്മെന്റു എക്സ്ചേഞ്ചുമുഖേനയുള്ള നിയമനം.

* 927 [17] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എംപ്ലോയ്മെന്റു എക്സ്ചേഞ്ചുകളും മുഖേന നടത്തുന്ന നിയമനങ്ങളിൽ പട്ടികവർഗ്ഗ പട്ടികജാതിക്കാർക്കു ഉദ്യോഗ നിയമനത്തിലുള്ള റിസർവേഷന്റെ ആനുകൂല്യം പറയത്തക്കരീതിയിൽ കിട്ടുന്നില്ലെന്ന വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ കാര്യത്തെക്കുറിച്ചു അന്വേഷിക്കുന്നതിനും അവസ്ഥ പരിഹാരം കാണുന്നതിനും ആവശ്യമായ നടപടി ഉടനെ കൈക്കൊള്ളാൻ ദയവുണ്ടാകുമോ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) ഉണ്ടു.

(ബി) ആവശ്യമായ നടപടികളും എടുത്തുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly